# കിതാബുകൾ

അല്ലാഹു നബിമാരിൽ ചിലർക്ക് നൽകിയ വേദ ഗ്രന്ഥങ്ങളെയാണ് കിതാബുകൾ എന്നു പറയുന്നത്. മുഹമ്മദ് നബിﷺക്ക് അല്ലാഹു അവതരിപ്പിച്ചു കൊടുത്ത കിതാബാണ് പരിശുദ്ധ ഖുർആൻ എന്ന് നിങ്ങൾ പഠിച്ചിട്ടുണ്ടാവുമല്ലോ. അവസാനത്തെ കിതാബാണ് ഖുർആൻ قرآن كريم .

മറ്റു പ്രധാന കിതാബുകളെയും അവ നൽകപ്പെട്ട നബിമാരെയും താഴെ പറയുന്നു.

| | |
|---|---|
| زَبُور | دَاوُد عَلَيْه السَّلاَم |
| تَوْرَاة | مُوسَى عَلَيْهِ السَّلاَم |
| إِنْجِيل | عِيسَى عَلَيْه السَّلاَم |

മുഹമ്മദ് നബി ക്ക് ശേഷം ഇനി നബിമാരുണ്ടാവുമോ? ഒരിക്കലുമില്ല. അതുപോലെ ഖുർആനിനു ശേഷം ഇനി വേദഗ്രന്ഥവുമുണ്ടാവുകയില്ല. അതിനാൽ ലോകാവസാനം വരെയുള്ള എല്ലാ മനുഷ്യരും ഖുർആൻ അനുസരിച്ച് ജീവിക്കണം. അവർക്ക് വേറെ ഒരു വേദത്തിന്റെ ആവശ്യമില്ല. എല്ലാ നല്ല കാര്യങ്ങളും ഖുർആനിൽ അല്ലാഹു കല്പിച്ചിട്ടുണ്ട്. മുഹമ്മദ് നബി വിശദീകരിച്ചു തന്നിട്ടുമുണ്ട്. ചീത്ത കാര്യങ്ങളെല്ലാം ഖുർആനിൽ കൂടി അല്ലാഹു വിരോധിച്ചിട്ടുമുണ്ട്. അതിനാൽ നാം ഖുർആൻ പഠിക്കുക. അതനുസരിച്ച് ജീവിക്കുക.

കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യാഭ്യാസ ബോർഡ്